# Desabhimani
# 27 August 2018
# Pallam, After Flood, Flood Relief Fund

## ദുരിതാശ്വാസ നിധിയിലേക്ക് കമ്മൽ ഊരി നൽകി ആറാം ക്ലാസുകാരി

**പള്ളം**

കാതിലിട്ടിരുന്ന കമ്മൽ ഊരി ആറാം ക്ലാസുകാരി സംഭാവനയായി നൽകി. ഒപ്പം അനുജന്റെ സമ്പാദ്യമായ കുടുക്കയും. പള്ളം അറക്കൽ ഉണ്ണിയുടെയും റെഞ്ചുവിന്റെയും മകളായ കൃഷ്ണ ബാലയാണ് നാടിന്റെ കണ്ണീരൊപ്പാൻ ഒപ്പം ചേർന്ന കൊച്ചുമിടുക്കി. അച്ഛനും അമ്മയ്ക്കുമൊപ്പം പള്ളം ബുക്കാന സിഎംഎസ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ക്യാമ്പിലെത്തി സിപിഐ എം ജില്ലാ സെക്രട്ടറി വി എൻ വാസവനെ ആണ് കമ്മൽ ഏൽപ്പിച്ചത്. കൃഷ്ണ ബാലയുടെ സഹോദരൻ നാലാം ക്ലാസുകാരനായ സൂര്യനാരായണൻ തന്റെ സമ്പാദ്യമായ കുടുക്കയും കൈമാറി. നാടിന്റെ പൊതുമനസ്സാണ് കുട്ടികളിലൂടെ പ്രതികരിച്ചതെന്ന് വാസവൻ പറഞ്ഞു. ഇരുവരും പള്ളം സെന്റ് പോൾസ് ഹൈസ്കൂളിലെ വിദ്യാർഥികളാണ്. പ്രളയ ദുരിതത്തിന്റെ വാർത്തകൾ ടെലിവിഷൻ ചാനലുകളിൽ കണ്ടതുമുതൽ കുട്ടികൾ ഇത്തരത്തിൽ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതായി ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥൻ കൂടിയായ രഞ്ജു പറഞ്ഞു. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എം രാധാകൃഷ്ണൻ, ജില്ലാ കമ്മിറ്റി അംഗം അഡ്വ. റെജി സക്കറിയ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.